*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

177th Issue - Volume 5, No. 11 **ജാഗ്രത** 25th March 2011

"ഈ ചെറിയവരിൽ ഒരുവന് ശിഷ്യന് എന്ന നിലയിൽ ഒരു പാത്രം വെള്ളമെങ്കിലും കൊടുക്കുന്നവനു പ്രതിഫലം ലഭിക്കാതിരിക്കുകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു."

(മത്തായി 10:42)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil




## പ്രധാന വാർത്തകൾ

അമിതചൂഷണം പരിസ്ഥിതി നാശത്തിന്റെ അടിസ്ഥാനകാരണം: മാർ തോമസ് ചക്യത്ത്

---

സാഹിത്യ, മാധ്യമ പ്രവർത്തകർ സമൂഹത്തിന്റെ വെളിച്ചമാകണം: മാർ ബോസ്കോ പുത്തൂർ

---

മതവിശ്വാസികൾക്കും വിഭാഗീയ തീവ്രവാദികൾക്കും സഹകരിച്ചു പ്രവർത്തിക്കാനാവുമോ?
ആർച്ച്ബിഷപ് മാർ.ജോസഫ് പവ്വത്തിൽ

---

റഷ്യൻ ഓർത്തഡോക്സ് സഭയും കത്തോലിക്കാ സഭയുമായുള്ള ബന്ധത്തിൽ വളർച്ച

---

ക്രൂശിതരൂപം ഇറ്റലിയിലെ ക്ലാസ്സുമുറികളിലുണ്ടാകും.

---

## വാരാന്ത്യവീക്ഷണം

രാഷ്ട്രീയമായി മതവിരുദ്ധത അടിച്ചേൽപിക്കുന്നവർ

## അമിതചൂഷണം പരിസ്ഥിതി നാശത്തിന്റെ അടിസ്ഥാനകാരണം: മാർ തോമസ് ചകൃത്ത്



പ്രകൃതിവിഭവങ്ങളുടെസ്വാർഥപരമായ അമിത ചൂഷണമാണ് പരിസ്ഥിതി നാശത്തിന്റെ അടിസ്ഥാന കാരണമെന്ന് എറണാകുളം-അങ്കമാലി അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് ചകൃത്ത്. അതിരൂപതാ വെൽഫെയർ സർവീസസ് പള്ളിപ്പുറത്തു സംഘടിപ്പിച്ച ജലദിനാ ഘോഷത്തിന്റെ ഉദ്ഘാടനവും മഴവെള്ള സംഭരണികളുടെ സമർപ്പണവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.മഴവെള്ള സംഭരണം പോലുള്ള സുകൃതങ്ങൾ സ്വന്തം ഭാവിയെ മാത്രമല്ല അനന്തര തലമുറയുടെ ജീവതവും ശോഭനമാക്കുമെന്ന് ബിഷപ് പറഞ്ഞു. പള്ളിപ്പുറം ഫൊറോന വികാരി ഫാ. ഡേവിസ് മാടവന അധ്യക്ഷത വഹിച്ചു. സർക്കാരിന്റെ ലക്ഷം വീട് പദ്ധതിക്കുമുമ്പേ പാവങ്ങൾക്കായി ഭവനപദ്ധതി നടപ്പാക്കിയ പാരമ്പര്യത്തിന്റെ തുടർച്ചയാണ് അതിരൂപതയുടെ പ്രകൃതിവിഭവ പരിപാലന പരിപാടികളെന്ന് അദ്ദേഹം പറഞ്ഞു.


## സാഹിത്യ, മാധ്യമ പ്രവർത്തകർ സമൂഹത്തിന്റെ വെളിച്ചമാകണം: മാർ ബോസ്കോ പുത്തൂർ



സമൂഹത്തിന്റെ വെളിച്ചമാകാനും മൂല്യങ്ങൾക്കും ധാർമികതയ്ക്കും വേണ്ടി നിലകൊള്ളാനും സാഹിത്യ, സാംസ്കാരിക, മാധ്യമ പ്രവർത്തകർക്കു കഴിയണമെന്ന് സീറോ മലബാർ സഭ കൂരിയ ബിഷപ് മാർ ബോസ്കോ പുത്തൂർ ആഹ്വാനം ചെയ്തു. വിവിധ മേഖലകളിൽ അവാർഡുകൾ ലഭിച്ചവരെ മേരിവിജയം സാഹിത്യസമിതിയുടെ നേതൃത്വത്തിൽ ആദരിക്കുന്ന ചടങ്ങ് തൃശൂർ സെന്റ് മേരീസ് കോളജിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഇന്നത്തെ കാലഘട്ടത്തിൽ മൂല്യങ്ങൾക്കും ധാർമികതയ്ക്കും വേണ്ടി നിലകൊള്ളുകയെന്നതു വലിയൊരു വെല്ലുവിളിയാണെന്നും ബിഷപ് കൂട്ടിച്ചേർത്തു

## മതവിശ്വാസികൾക്കുംവിഭാഗീയ തീവ്രവാദികൾക്കും സഹകരിച്ചു പ്രവർത്തിക്കാനാവുമോ?

**ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ**



വർഗീയ വാദികളോടും വർഗസമര വാദികളോടും നല്ല കാര്യങ്ങളിൽ സഹകരിക്കാൻ പാടില്ലേ എന്ന ചോദ്യം പലരും ഉയർത്തുന്നുണ്ടല്ലോ. ചോദ്യം ലളിതമാണെങ്കിലും ഉയർത്തുന്ന ഉത്തരം സങ്കീർണമാണ്. മാത്രമല്ല ചോദ്യം ഉയർത്തുന്നതും പലപ്പോഴും ദുരുദ്ദേശ്യത്തോടെയാണ്. പോരെങ്കിൽ ഈ സങ്കീർണത മനസിലാക്കാതെ നൽകുന്ന ഉത്തരങ്ങൾ പലപ്പോഴും വളച്ചൊടിച്ചും സ്വന്തം നേട്ടത്തിനായി വ്യാഖ്യാനിക്കുന്ന രാഷ്ട്രീയക്കാരും മാധ്യമങ്ങളും ഏറെയുണ്ടല്ലോ.

വർഗീയവാദവും വർഗസമരവാദവും ശരിയായ ഈശ്വരവിശ്വാസവുമായി പൊരുത്തപ്പെടുകയില്ല. എങ്കിലും അത്തരം സിദ്ധാന്തവാദികളെ മനുഷ്യരെന്ന നിലയിൽ ദ്വേഷിക്കുകയോ നശിപ്പിക്കുകയോ ചെയ്യാനല്ല വിശ്വാസികൾ ശ്രമിക്കുക. അവരെ നേർവഴിക്കു കൊണ്ടുവരാൻ മാത്രമാണ് അവർ ശ്രമിക്കുക. നേരേമറിച്ചു സിദ്ധാന്തവാദികൾ പലപ്പോഴും സർവാധിപത്യവാദികൾ ആകുന്നതുകൊണ്ട് മറ്റു വിഭാഗങ്ങളെ താഴ്ത്തിക്കെട്ടാനാണു ശ്രമിക്കുന്നത്. ചൈനയിലും മധ്യപൂർവദേശത്തുമെല്ലാം ഇതാണല്ലോ നടക്കുക. വിഭാഗീയ വിദ്വേഷമാണ് അവരുടെ അടിസ്ഥാന ഭാവം. നന്മകൊണ്ടു തിന്മയെ ജയിക്കാനാണു വിശ്വാസികളുടെ ശ്രമം.

ശത്രുക്കളെ സ്നേഹിക്കുക എന്നുവച്ചാൽ അവരുടെ സിദ്ധാന്തങ്ങളെയും ശൈലികളെയും സ്നേഹിക്കുകയെന്നല്ല അർഥം. വ്യക്തികളെന്ന നിലയിൽ അവർക്കു നന്മയുണ്ടാകട്ടെയെന്നാണു നാമാഗ്രഹിക്കുക. തിന്മയെയാണു നാം വെറുക്കുക. ഒരു സിദ്ധാന്തവാദിയുടെ വീടിനു തീപിടിച്ചാൽ ആരാണു നോക്കിനിൽക്കുക? തീകെടുത്താൻ സിദ്ധാന്തവാദികളുമായി സഹകരിക്കുകയാണല്ലോ വിശ്വാസികളുടെ ശൈലി. അതിനാണല്ലോ മനുഷ്യത്വം എന്നു പറയുന്നത്. അതുപോലെ, മറ്റുള്ളവർക്കുണ്ടാകുന്ന അപകടങ്ങളിലും രോഗാവസ്ഥയിലും മരണവേളയിലും - ഇങ്ങനെ എത്രയോ രംഗങ്ങളിൽ - എല്ലാവരും വ്യത്യാസങ്ങൾ മാറ്റിവച്ചു സംഘടിച്ചു പ്രവർത്തിക്കുന്നു. ഇതുവരെ ആരും ഇതൊന്നും നിഷേധിച്ചിട്ടില്ലല്ലോ. ഇതെല്ലാം മതവിശ്വാസികൾ നൽകുന്ന ധാർമിക ബോധത്തിന്റെ ഭാഗമാണ്. സാധാരണ മനുഷ്യരോട് ഇത്തരം

കാര്യങ്ങൾ ആരും പറഞ്ഞുകൊടുക്കേണ്ടതില്ല. ഇവിടെയെല്ലാം എല്ലാവർക്കും സഹകരിക്കാൻ പാടില്ലേ എന്ന ചോദ്യംതന്നെ അപ്രസക്തമാണ്. എല്ലാത്തരത്തിലുമുള്ള ആളുകളും ഇടകലർന്നാണല്ലോ എല്ലായിടത്തും താമസിക്കുന്നത്. അപ്പോൾ പൊതുജീവിതം സുഗമമാക്കാൻ സുബുദ്ധിയുള്ളവരെല്ലാം സഹകരിക്കുകയാണു ചെയ്യുന്നത്. ആവശ്യമായ പൊതുസംവിധാനങ്ങളും അടിസ്ഥാന സൗകര്യങ്ങളും നിലനിറുത്താൻ എല്ലാവരും സഹകരിക്കാതെ പറ്റില്ല. അങ്ങനെയുള്ള മേഖലകളിൽ വർഗീയതയുടെ വിത്തു വിതയ്ക്കുന്നതുമിക്കവാറും സിദ്ധാന്തവാദികളും തീവ്രവാദികളുമാണ്. ഇക്കൂട്ടരാണു തങ്ങളിൽ നിന്നു ഭിന്നരായവരെ ശത്രുക്കളായി കാണുകയും ആ രീതിയിൽ എതിർപ്പു പ്രകടമാ ക്കുകയും ചെയ്യുന്നത്.

ഏതു സിദ്ധാന്തക്കാരോടും സംവാദത്തിനു സഭ സന്നദ്ധമാണ്. മനുഷ്യന്റെ മനഃസാക്ഷി സ്വാതന്ത്ര്യത്തെ സഭ മാനിക്കുന്നു. മറ്റു മതവിശ്വാസികളുമായും നിരീശ്വര പ്രസ്ഥാനങ്ങളുമായിപ്പോലും സഭ സംഭാഷണങ്ങൾ നടത്തുന്നുണ്ട്. പക്ഷേ, സംഭാഷണങ്ങളിൽ പങ്കാളികൾക്കു തുറന്ന മനോഭാവമുണ്ടായിരിക്കണം. അതു തന്ത്രങ്ങളുടെ ഭാഗമായാൽ മാത്രം ഫലമില്ല എന്നതാണു വസ്തുത.

മതത്തെ അന്ധവിശ്വാസവും മറ്റും മാത്രമായി കാണുന്നവർക്ക് എങ്ങനെയാണു തുറന്ന മനസുണ്ടാകുക? സ്വന്തം തെറ്റുകളെ കാണാനും അംഗീകരിക്കാനുമുള്ള സന്മനസ് ഉണ്ടാകുക തന്നെ വേണം . സിദ്ധാന്തവാദികൾക്ക് അതുണ്ടാവുക എളുപ്പമാവില്ല. എതിർക്കുന്നവരെ ലക്ഷക്കണക്കിനു കശാപ്പു ചെയ്യുകയും തുറങ്കിലടയ്ക്കുന്നവരെ പൂജിക്കുകയും ചെയ്യുന്ന ഉദാഹരണങ്ങൾ നമുക്കറിയാമല്ലോ.

ഏതു സിദ്ധാന്തക്കാർ ഭരിച്ചാലും സ്വാതന്ത്ര്യം ഉള്ളിടത്തോളം പൊതുസമൂഹത്തിനു നന്മ വരുന്ന കാര്യങ്ങളിൽ പ്രവർത്തനനിരതമാവുക വിശ്വാസികളുടെ, പ്രത്യേകിച്ചും ക്രൈസ്തവ സമൂഹങ്ങളുടെ, ചുമതലയാണ്. വിദ്യാലയങ്ങൾ നടത്തുന്നതും ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതുമെല്ലാം പൊതുക്ഷേമത്തിനുവേണ്ടിയുള്ളസഭാ സമൂഹങ്ങളുടെ സഹകരണമാണു കാണിക്കുന്നത്. അവിടെ സ്വാതന്ത്ര്യവും മൗലികാവകാശങ്ങളും നിഷേധിക്കപ്പെടുമ്പോൾ അതിനെ എതിർക്കുന്നതും പൊതുനന്മയ്ക്കുവേണ്ടിയാണ്. ആ സഹകരണം നിഷേധിക്കുന്നതു സിദ്ധാന്ത വാദികളാണ്.

(തുടരും)

## റഷ്യൻ ഓർത്തഡോക്സ് സഭയും കത്തോലിക്കാ സഭയുമായുള്ള ബന്ധത്തിൽ വളർച്ച

---

റഷ്യൻ ഓർത്തഡോക്സ് സഭയും കത്തോലിക്കാ സഭയുമായുള്ള ബന്ധത്തിൽ "ഭാവാത്മകമായ പുരോഗതി" ഉണ്ടായിട്ടുണ്ടെന്ന് റഷ്യൻ ഓർത്തഡോക്സ് സഭയുടെ എക്കുമിനിക്കൽ കാര്യാലയത്തിന്റെതലവൻഹിലാരിയോൺ വോലോകാലാസ്ക് മെത്രാപ്പോലീത്ത പ്രസ്താവിച്ചു. "പരിശുദ്ധ പിതാവ് ബനഡിക്റ്റ് 16–ാം മൻ മാർപ്പാപ്പയായി സ്ഥാനമേറ്റത് ഈ രംഗത്ത് വ്യക്തമായ മാറ്റമുണ്ടാക്കാൻ കാരണമായി. ഓർത്തഡോക്സ് സഭകളെയും അവയുടെ ദൈവശാസ്ത്ര വീക്ഷണങ്ങളേയും ആഴത്തിൽ അറിയാവുന്ന വ്യക്തിയാണ് ഇപ്പോഴത്തെ മാർപ്പാപ്പ''. ഹിലാരിയോൺ മെത്രാപ്പോലീത്ത സാക്ഷ്യപ്പെടുത്തുന്നു.

സെക്കുലർ സമൂഹത്തിൽ നിന്നും ഓർത്തഡോക്സ് സഭയ്ക്കും കത്തോലിക്കാ സഭയ്ക്കും നേരിടേണ്ടിവരുന്ന വെല്ലുവിളികൾ സമാനമാണെന്നു മെത്രാപ്പോലീത്ത അഭിപ്രായപ്പെടുന്നു. "കുടുംബത്തിനും വിവാഹത്തിനും ജീവനും എതിരായ വെല്ലുവിളികളെ സഭകൾ ഒന്നിച്ചുനിന്നു നേരിടണം". അദ്ദേഹം വ്യക്തമാക്കി.

## ക്രൂശിതരൂപം ഇറ്റലിയിലെ ക്ലാസ്സുമുറികളിലുണ്ടാകും.

---

മനുഷ്യാവകാശ സംരക്ഷ്ണത്തിനായുള്ള യൂറോപ്യൻ കോടതിയുടെ കുരിശുരൂപം ഇറ്റലിയിലെ ക്ലസ്സുമുറികളിൽ സ്ഥാപിക്കുന്നത് അംഗീകരിക്കുന്ന തീരുമാനം വത്തിക്കാൻ സ്വാഗതം ചെയ്തു. പൊതുസ്ഥലത്ത് കുരിശുരൂപം ആദരപൂർവ്വം സ്ഥാപിച്ചിരിക്കുന്നത് യൂറോപ്യൻ സംസ്കാരത്തിന് ക്രൈസ്തവ വിശ്വാസം നല്കിയിട്ടുള്ള അടിസ്ഥാനപരമായ സംഭാവനകളുടെ സൂചനകളാണെന്ന് സംസ്കാരത്തിനായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ അധിപൻ കർദ്ദിനാൾ ജാൻഫ്രാങ്കോ റവാസി പ്രതികരിച്ചു.തന്റെ കുട്ടിയുടെ മനസാക്ഷി സ്വാതന്ത്ര്യത്തിനു വിരുദ്ധമാണ് ക്ലാസ്സുമുറികളിലെ കുരിശുരൂപം എന്നാരോപിച്ച് കോടതിയെ സമീപിച്ച ഇറ്റലിക്കാരിയായ അമ്മയുടെ പരാതി പരിഗണിച്ചാണ് കോടതി ഈ വിധി തീർപ്പുകല്പിച്ചത്. 2009 ൽ ഈ കേസിൽ ക്ലാസ്സുമുറിയിലെ ക്രൂശിതരൂപം മനസാക്ഷി സ്വാതന്ത്ര്യത്തിനു വിരുദ്ധമാണെന്ന് കീഴ്കോടതി വിധിച്ചിരുന്നു.ക്രൂശിതരൂപം സാംസ്കാരിക ചരിത്രത്തിലെ മതപരമായ ചിഹ്നത്തോടൊപ്പം ദേശീയ വ്യക്തിത്വത്തിന്റെ അട

## വാരാന്ത്യവീക്ഷണം

### രാഷ്ട്രീയമായി മതവിരുദ്ധത അടിച്ചേൽപിക്കുന്നവർ

സൈദ്ധാന്തികമായി മതവിരുദ്ധമായ മാർക്സിസ്റ്റുപാർട്ടി അധികാരത്തിൽ വരുമ്പോഴെല്ലാം അവർ താത്വികമായി പ്രചരിപ്പിക്കുന്ന മതവിരുദ്ധത രാഷ്ട്രീയമായി അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നുണ്ട് . ഇതിന് അനേകം ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാനാവും. മതന്യൂനപക്ഷങ്ങളുടെ നിലനിൽപ്പിനുവേണ്ടി ഭരണഘടനവിഭാവന ചെയ്ത് രൂപം നല്കിയ, മതന്യൂനപക്ഷങ്ങളുടെ നിലനില്പിന്റെ തന്നെ അവകാശമായ വിദ്യാഭ്യാസ അവകാശം നിയമ നിർമ്മാണത്തിലൂടെ ഇല്ലാതാക്കാൻ ശ്രമിച്ചത് ഈ ഭരണകാലത്തെ വിദ്യാഭ്യാസ വകുപ്പാണ്. മതന്യൂനപക്ഷങ്ങളുടെ നിലനില്പിനു നല്കുന്ന അവകാശം നിയമപരമായി റദ്ദു ചെയ്യാൻ ശ്രമിച്ചത് കടുത്ത മതവിരുദ്ധത തന്നെയല്ലേ?. ഇന്ത്യൻ ജനാധിപത്യത്തിനും ഭരണഘടനയ്ക്കും വിരുദ്ധമായിക്കണ്ട് ഈ നിയമത്തിലെ പ്രധാന വകുപ്പുകളെല്ലാം കോടതി റദ്ദു ചെയ്തു. എങ്കിലും കരാറിലൂടെ ഈ നിയമം നടപ്പിലാക്കി ന്യൂനപക്ഷങ്ങളെ പീഡിപ്പിക്കാനാണ് തുടർന്നു ശ്രമം നടന്നത്. അതിനു തയ്യാറാകാതിരുന്ന ക്രൈസ്തവ സ്ഥാപനങ്ങൾക്ക് പുതിയ കോഴ്സുകൾ തരാതെയും അഫിലിയേഷൻ റദ്ദു ചെയ്തും നിരന്തരമായി കോടതി കയറ്റിയും പീഡിപ്പിക്കുകയാണു സർക്കാർ ചെയ്തത്.

അതുപോലെ മതന്യൂനപക്ഷങ്ങൾക്ക് തങ്ങളുടെ നിലനില്പിനു നല്കിയിരിക്കുന്ന അവകാശം വിദ്യാലയങ്ങൾക്കു സ്ഥാപിച്ചു കിട്ടാൻ "മൈനോറിറ്റി സ്റ്റേറ്റ്സ് സർട്ടിഫിക്കറ്റിന്" നല്കിയ ഒരു അപേക്ഷപോലും അംഗീകരിക്കാൻ ഇവിടത്തെ സർക്കാർ തയ്യാറായില്ല. അതിനായി ആയിരക്കണക്കിനു കേസുകളുമായി ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി ഡൽഹിലുള്ള ദേശീയ സമിതിയെ സമീപിക്കേണ്ട ഗതികേടിലാക്കിയത് കടുത്ത മതന്യൂനപക്ഷ പീഡനമാണ്. അതിനുവേണ്ടി പാഴാക്കേണ്ടിവന്ന ലക്ഷകണക്കിനു രൂപയും മനുഷ്യാദ്ധ്വാനവും പീഡനത്തിന്റെ വ്യക്തമായ മുഖമാണ്. ന്യൂനപക്ഷങ്ങളുടെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഫിലിയേഷൻ റദ്ദു ചെയ്തു പീഡിപ്പിച്ച സർക്കാരിന്റെ നിലപാടിനെതിരേ കോടതിവിധിയാണ് രക്ഷക്കായി എത്തിയത്. കാലിക്കറ്റു യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള രണ്ടു മെഡിക്കൽ കോളേജുകളേയും രണ്ട് എഞ്ചിനിയറിംഗ് കോളേജുകളെയും അനധികൃതമായി അഫിലിയേഷൻ റദ്ദു ചെയ്തു നശിപ്പിക്കാൻ നോക്കി. വിദ്യാർത്ഥികൾക്കു ഹോൾടിക്കറ്റു നല്കാതെയും പരീക്ഷാഫലം പ്രസിദ്ധീകരിക്കാതെയും കഴിഞ്ഞവർഷങ്ങളിൽ നിരന്തരം പീഡിപ്പിക്കുകയായിരുന്നു. കോടതികളാണ് അവിടെയും നീതി സ്ഥാപിച്ചുകിട്ടാൻ ഇടപെട്ടുകൊണ്ടിരുന്നത്.

പാർട്ടി അധികാരത്തിലിരുന്ന കാലയളവിൽ വിപ്ലവയുവജന വിദ്യാർത്ഥി സംഘടനകൾ തല്ലിതകർത്ത ക്രൈസ്തവ കലാലയങ്ങൾ നിരവധിയാണ്. കോട്ടയം സി.എം.എസ്. കോളേജും തിരുവനന്തപുരം ലൂർദ്ദു മാതാ എഞ്ചീനിയറിംഗ് കോളേജും ആലപ്പുഴ സെ.ജോസഫ്സ് കോളേജും സെ.ജോസഫ്സ് സ്കൂളും തിരുവല്ല മാക്ഫാസ്റ്റും തുടങ്ങി എൻട്രൻസ് പരീക്ഷ നടത്തിയ വിദ്യാലയം വരെ അക്രമിക്കപ്പെട്ടു. ഇതെല്ലാം തന്നെ മതന്യൂന പക്ഷങ്ങൾക്കു നേരെയുള്ള കടന്നാക്രമണം ആയിരുന്നല്ലോ.

പ്രവാചക നിന്ദ പ്രകടിപ്പിക്കുന്ന ചോദ്യപേപ്പർ തയ്യാറാക്കിയ തൊടുപുഴ ന്യൂമാൻ കോളേജ് അദ്ധ്യാപകൻ പ്രൊഫസർ ജോസഫിന്റെ കൈ വെട്ടിയ കേസിലെ പ്രതികളെ അറസ്റ്റുചെയ്തു നീതിപീഠത്തിനുമുമ്പിൽ ഹാജരാക്കുന്നതിനു പകരം അദ്ദേഹത്തെ മുൻ നിർത്തി സഭാവിരുദ്ധതയും മതവിരുദ്ധതയും പ്രചരിപ്പിക്കാനാണ് ആഭ്യന്തരമന്ത്രി ഉൾപ്പടെ ശ്രമിച്ചത്.മതവിരുദ്ധ നീക്കങ്ങളുടെ ഒരു ഉദാഹരണം മാത്രമാണിത്

**"Jagratha News"** – An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA